# നവോത്ഥാനകാലമൂല്യങ്ങൾ ഇടശ്ശേരിക്കവിതയിൽ

ഡോ. എം.എൻ. രാജൻ

പത്തൊമ്പതാംശതകം മുതൽ പരിവർത്തന വിധേയമായിത്തുടങ്ങിയ കേരളീയജീവിതം ഇരുപതാംശതകത്തിന്റെ മൂന്നാം ദശകത്തോടെയാണ് നവോത്ഥാനത്തിന്റെ സങ്കീർണവും വൈവിധ്യവുമാർന്ന അവസ്ഥയിലെത്തിയത്. അക്കാലത്തെ മലയാളസാഹിത്യത്തിന്റെ എല്ലാരൂപങ്ങളിലും ഇതിന്റെ പ്രതിഫലനമുണ്ട്. വ്യക്തിയുടെ സ്വകാര്യതലം മുതൽ സമൂഹത്തിന്റെ അധികാരഘടനവരെയുള്ള സർവരംഗങ്ങളിലും അഴിച്ചുപണി നടന്നു. പുതിയ കാലത്തെയും ലോകത്തെയും മനുഷ്യനെയും മൂല്യങ്ങളെയും വാർത്തെടുക്കാനുള്ള അദമ്യമായ ത്വര പൊതുവേ പ്രകടമായി. വിമോചനത്തെ സ്വപ്നം കാണുകയും പ്രയത്നിക്കുകയും ചെയ്ത തലമുറയായിരുന്നു അന്നത്തേത്. ആദർശങ്ങളായിരുന്നു സമൂഹത്തെ അന്നു നയിച്ചത്. ജീവിതത്തിനു വ്യക്തിനിരപേക്ഷവും സമൂഹനിഷ്ഠവുമായ പുതിയൊരർഥം വന്നു. മാററങ്ങൾ അനിവാര്യവും പ്രബലവുമായി. സാമൂഹികപരിവർത്തനത്തിനായി പോരാടാനും പാരമ്പര്യത്തെ പിന്നിലേക്കെറിയാനും സംഘടിതരായിത്തീർന്ന പുതിയ വർഗങ്ങളുടെ കാലമായിരുന്നു അത്. അതിനിടയിലും ശരിയേത് തെറേറത് എന്ന ഉദ്വിഗ്നത പലർക്കുമുണ്ടായിരുന്നു. ഈ സംക്രമണഘട്ടത്തിന്റെ പ്രതിനിധാനമാണ് നവോത്ഥാന സാഹിത്യം. അനുഭൂതിപ്രദമായ സംരചനയെന്നതിലുപരി ചരിത്രത്തിന്റെ ഉപ്പുകലർന്ന അനുഭവങ്ങളുടെ ആഖ്യാനമായി സാഹിത്യം മാറിത്തുടങ്ങി. ഇതിന്റെ വെളിച്ചത്തിൽ നവോത്ഥാനകാലമൂല്യങ്ങളുടെ ഏതേതംശങ്ങൾ ഇടശ്ശേരിക്കവിതയുടെ ഊർജമായിത്തീർന്നുവെന്നു പരിശോധിക്കേണ്ടതുണ്ട്.

സങ്കീർണവും ബഹുസ്വരവുമായ മുന്നാക്കങ്ങളും പിന്നാക്കങ്ങളും നിറഞ്ഞ അന്നത്തെ സമൂഹത്തിൽ വ്യക്തമായ ചില ആശയങ്ങളെയും മാററത്തിനുള്ള ആവേശത്തെയും മുൻനിർത്തി എഴുതിയ കവികൾ ധാരാളമുണ്ടായിരുന്നു. എന്നാൽ, പ്രത്യയശാസ്ത്രദുശ്ശാഠ്യങ്ങളില്ലാതെ കാലയളവിന്റെ നൈതികപ്രശ്നങ്ങളെയും ജീവിതപ്രശ്നങ്ങളെയും, ചിലപ്പോൾ സ്വപ്നങ്ങളെയും വ്യഥകളെയും വിശ്വാസഭംഗങ്ങളെയും, തന്റേതായ ഗ്രാമ്യശൈലിയിൽ ആവിഷ്കരിക്കാനാണ് ഇടശ്ശേരി ശ്രമിച്ചത്. മാററത്തിനുമുന്നിൽ മടിച്ചുനിൽക്കാനോ അന്ധമായി മാററത്തെ പുൽകാനോ അദ്ദേഹം തയാറായില്ല. എങ്കിലും നവോത്ഥാനത്തിന്റെ സംഘർഷങ്ങളുടെയും മൂല്യപരിണാമങ്ങളുടെയും ചിത്രം ഇടശ്ശേരിക്കവിതകളിൽ പ്രകടമാണ്.

ഇടശ്ശേരിയുടെ കാവ്യജീവിതം ആരംഭിക്കുന്ന ഘട്ടത്തിൽ കേരളവും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സമരഭൂമിയായിക്കഴിഞ്ഞിരുന്നു. എങ്കിലും ആദ്യകാലകവിതകളിൽ അതിന്റെ സ്വാധീനം കാണാനാകില്ല. പൊതുജീവിതവുമായി ബന്ധമുണ്ടായിത്തുടങ്ങിയതോടെ താൻ ജീവിക്കുന്ന സമൂഹത്തിന്റെ രാഷ്ട്രീയപാരതന്ത്ര്യം അദ്ദേഹം തിരിച്ചറിഞ്ഞു. ക്രമേണ, കവിയുടെ ദേശാഭിമാനം കാവ്യരൂപത്തിൽ വെളിപ്പെട്ടു തുടങ്ങി. ദേശീയസ്വാതന്ത്ര്യമെന്ന പ്രതീക്ഷയും അതിനായുള്ള ആഹ്വാനവും ആവിഷ്കൃതമാകുമ്പോഴും ഒരുപടയാളിയുടെ ആവേശം ആ കവിതകളിലുണ്ടെന്നു പറയാനാകില്ല. ചില കവിതകളിൽ ഭാരതത്തിന്റെ സാംസ്കാരിക പാരമ്പര്യത്തോടുള്ള ആദരവുപ്രകടമാണ്. 'വന്ദിപ്പിനമ്മയെ', 'പാലിപ്പിൻ മാതാവിനെ' തുടങ്ങിയ കവിതകളിൽ കൃഷ്ണനും ബുദ്ധനും ശങ്കരനും പിറന്ന ജന്മഭൂമിയെ വന്ദിക്കുന്നു. 'കള്ളവെള്ളമുഷ്ടിബന്ധ'ത്തിൽ നിന്ന് നാടിനെ മോചിപ്പിക്കാനുള്ള ആഹ്വാനവുമുണ്ട്. 'പുറപ്പെടുക' എന്ന കവിതയിൽ എല്ലാ ജീവിതസുഖങ്ങളും ത്യജിച്ച് യുദ്ധഭൂമിയിലേക്കു പുറപ്പെടാനുള്ള താൽപ്പര്യം കാണാം. 'ഭാരതപ്പുഴ', 'സ്വാതന്ത്ര്യം', 'നാളത്തെപാട്ട്' എന്നീ കവിതകളിലും ശക്തമായ സ്വാതന്ത്ര്യ തൃഷ്ണ പ്രകടമാകുന്നു. സാമൂഹികമായ അസമത്വങ്ങളില്ലാതാക്കി സമനിരപ്പുണ്ടാക്കാനും ദുരിതവും ദോഷവുമില്ലാത്തൊരു ചരിത്രം നിർമിക്കാനുമുള്ള അഭിലാഷം അവയിലുണ്ട്. 'കൊടുങ്കാററ്' എന്ന കവിതയാകട്ടെ, കാററിനെ ഒരു ശക്തിസൂചകമാക്കിക്കൊണ്ട്. ദുഷ്പ്രഭുത്വക്കോട്ടതകർക്കാൻ അതിന് ഒററനാഴികമതിയെന്ന മുന്നറിയിപ്പു നൽകുന്നു. 'പൂപ്പരുത്തി', 'ഋഷിയുടെ ധേനു' എന്നിവയിൽ ഗാന്ധിയൻ ആശയങ്ങളോടുള്ള ആദരവാണു പ്രകടമാകുന്നത്. നിസ്സാരമെന്നു കരുതിയിരുന്ന പൂപ്പരുത്തി, വസ്ത്രമുണ്ടാക്കാനും പുതിയൊരു ജീവിതമാർഗം മുന്നോട്ടുവയ്ക്കാനുമുള്ള സഹായിയായി മാറിയെന്ന തിരിച്ചറിവുമുണ്ട്. അതുപോലെ, ചർക്ക പുതിയതൊഴിലും ജീവിതവും നൽകിയെന്നും ഗാന്ധിജിയാകുന്ന ഋഷിയുടെ ധേനുവാണതെന്നും കവി കരുതുന്നു. പുതിയൊരു ജീവിതസാഹചര്യവും തൊഴിലും എന്നതിലുപരി ഒരു മൂല്യത്തിന്റെ സംസ്ഥാപനം കൂടി നിർവഹിക്കുകയായിരുന്നു ഗാന്ധിജിയെന്നു കവി വിശ്വസിക്കുന്നു. ഇന്ത്യ സ്വതന്ത്രയായതിന്റെ ആഹ്ലാദം പ്രകടമാക്കുന്ന കവിതകളാണ് 'എങ്ങനെ നേടി', 'പതാക കാണുമ്പോൾ' എന്നിവ. പൊരുതിനേടിയ സ്വാതന്ത്ര്യത്തിന്റെ വില പുതു

തലമുറ അറിയണമെന്ന ഉദ്ബോധനവും അവയിലുണ്ട്. സ്വാതന്ത്ര്യസമരത്തിന്റെ വീര–ത്യാഗസ്മരണകളുടെ പ്രതീകമായ ദേശീയപതാകയെ അദ്ദേഹം വന്ദിക്കുന്നു. ഒരു കാലയളവിന്റെ സ്വാതന്ത്ര്യമോഹങ്ങളും വികസിച്ചുതുടങ്ങിയ വ്യക്തിബോധവും ആ കവിതകളിൽ പ്രകടമാകുന്നു. തീക്ഷ്ണമായ ദേശീയവാദത്തെ സ്വാതന്ത്ര്യസമരപ്രക്ഷോഭണമാക്കി മാററുന്ന തരത്തിലല്ലെങ്കിലും, സ്വാതന്ത്ര്യത്തിന്റെ സന്ദേശം തന്നെയാണ് കാവ്യമര്യാദയോടെ അദ്ദേഹം ആവിഷ്കരിച്ചത്. അദ്ദേഹത്തിന്റെ കണ്ണുകൾ, സ്വകാര്യജീവിതത്തിലേക്കല്ല സമൂഹമധ്യത്തിലേക്കാണ് ചെന്നിറങ്ങിയത്– നവോത്ഥാനകാലത്ത് ഇതു പ്രതീക്ഷിക്കേണ്ടതുതന്നെ.

ഭാരതത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യത്തോടൊപ്പം ഐക്യകേരളത്തിന്റെ രൂപവൽകരണവും ഇടശ്ശേരി പ്രധാനമായിക്കണ്ടിരുന്നു. കർഷകന്റെ മഹാറാണിയായ കേരളത്തെയും അതിന്റെ കാർഷികഹരിതസമൃദ്ധിയെയും പ്രകീർത്തിക്കുന്ന കവിതകൾ ഒട്ടേറെയുണ്ട്. 'കേരളമേ കേരളമെൻ നാട്', 'മലനാട്' തുടങ്ങിയവ. 'ഐക്യകേരളം (പുതിയ തരം ആട്ടക്കഥ)', 'ഐക്യകേരള ചർച്ച' എന്നിവ നാട്ടുരാജ്യങ്ങളുടെ സംയോജനത്തെപ്പററിയുള്ള ചിന്തകളാണ് രണ്ടാമത്തേതിൽ, നാട്ടുരാജ്യലയനത്തിന്റെ കാര്യത്തിൽ ഓരോ ദേശക്കാരന്റെയും പ്രാദേശിക വികാരങ്ങളുടെ അർഥശൂന്യതയെ ഉപഹസിക്കുകയും ചെയ്യുന്നു. മലകടന്നുവന്ന് കേരളത്തിനു മഴ നൽകുന്ന കരിമേഘങ്ങളെ പ്രകീർത്തിക്കുന്ന 'കറുത്തചെട്ടിച്ചികൾ' എന്ന കവിതയിൽ ഇടക്കാലത്തു രൂപംകൊണ്ട തമിഴ്‌വിരോധത്തെ പരോക്ഷമായി വിമർശിക്കുന്നുണ്ട്. കേരള സംസ്ഥാനരൂപവൽകരണത്തിൽ സന്തുഷ്ടനായ കവി നാടിന്റെ പുരോഗമനത്തിന് ചില നിർദേശങ്ങളും നൽകുന്നുണ്ട്. 'ചൂലെടുക്കുക കൈയിൽ, പ്പോയകാലത്തെക്കെട്ട ചൂരുറേറാരിസ്സൗധത്തെ വൃത്തിയാക്കീടാമാദ്യം' എന്ന് ഉദ്ബോധിപ്പിക്കുന്ന 'കൈതപ്പൂ' എന്ന കവിതയും ഭാരതത്തിന്റെ വളർച്ചയ്ക്കൊപ്പം വികസിക്കാൻ കേരളവും തയാറാവുക എന്നുപറയുന്ന 'വികസിക്കുക' എന്ന കവിതയും കവിയുടെ പ്രതീക്ഷയെ വിളംബരം ചെയ്യുന്നു. കേരളീയവും ഭാരതീയവുമായ വിശാലമായൊരു സാമൂഹികബോധം ഇവിടെ രൂപപ്പെട്ടതിന്റെ പ്രകാശനങ്ങളാണ് ഇടശ്ശേരിയുടെ ഇക്കവിതകളിലുള്ളത്.

സാമൂഹികോന്നമനത്തിനും രാഷ്ട്രീയ സ്വാന്ത്ര്യത്തിനുംവേണ്ടി ആത്മത്യാഗം വരിച്ച വ്യക്തികൾക്കും പ്രണാമമർപ്പിക്കുന്ന കവിതകളുമുണ്ട്. ഗാന്ധിജിയുടെ സന്തതസഹചാരിണിയും ത്യാഗസുരഭിലമായ സ്ത്രീത്വത്തിന്റെ പ്രതീകവും ആയ കസ്തൂർബായെപ്പററിയുള്ള 'നമ്മുടെ അമ്മ', ഗാന്ധിസ്മരണയിലൂടെ കർമബോധത്തെ സൂചിപ്പിക്കുന്ന 'ചിതാഭസ്മം', വിപ്ലവകാരിയായിരുന്ന കേളപ്പനെപ്പററിയുള്ള 'എന്റെ നേതാവ്', മലബാറിലെ ഹിന്ദു–മുസ്ലിം കലാപകാലത്ത് മാനവമൂല്യങ്ങളുടെ വക്താവായി നിലകൊണ്ട മുഹമ്മദബ്ദുറഹിമാനെപ്പററി അതേപേരിലുള്ള കവിത, സാമുദായികവും സാമൂഹികവുമായ ഉന്നതിക്കായി പോരാടിയ വാഗ്ഭടാനന്ദനെപ്പററിയുള്ള 'വാഗ്ഭടാനന്ദഗുരു', 'പ്രാർഥന' എന്നിവ ദേശാഭിമാനികളോടും വ്യക്തിമഹത്വത്തോടുമുള്ള ഇടശ്ശേരിയുടെ ആദരവ് പ്രകടമാക്കുന്നു. ഉന്നതമായ ആദർശങ്ങൾക്കും നാടിനും വേണ്ടി ആത്മബലിയർപ്പിക്കുന്നവരെ ആദരിക്കുന്നതും അനുസ്മരിക്കുന്നതും ഉയർന്നൊരു മാനവികമൂല്യത്തിന്റെ ലക്ഷണമാണ്. അവരെ വന്ദിക്കുമ്പോൾ സ്വന്തം സമൂഹചിന്തയും മാനവികബോധവും കൂടിയാണ് വെളിപ്പെടുന്നത്. നവോത്ഥാനകാലത്തു ജീവിച്ച ഇടശ്ശേരിയുടെ ഈ കവിതകളെ സ്മരണികക്കവിതകളായി മാത്രം കാണാനാവില്ല.

നവോത്ഥാനകാലസാഹിത്യം വ്യക്തികളുടെ ജീവിതപ്രശ്നങ്ങൾ അവതരിപ്പിക്കുമ്പോഴും അതിൽ സമകാലിക സാമൂഹികജീവിതത്തിന്റെ ദുരന്തപൂർണമായ മുഖംമൂടി അനാവരണം ചെയ്തിരുന്നു. സമൂഹഭിന്നമായ ജീവിതത്തെ, സ്വകാര്യജീവിതത്തെ, അത്ര പ്രാധാന്യത്തോടെ കാണാത്തവരായിരുന്നു ഇടശ്ശേരിയുടെ തലമുറക്കാരിലേറെയും. സാഹിത്യത്തിന്റെ വിഷയം മണിമേടകളിൽനിന്ന് സമൂഹമധ്യത്തിലേക്കും സാധാരണക്കാരന്റെ ജീവിതത്തിലേക്കും കടന്നുവന്നുവെന്നത് നവോത്ഥാനകാലം ഉണ്ടാക്കിയെടുത്ത പ്രധാനമായൊരു മൂല്യവ്യതിയാനമായിരുന്നു. പാടത്തുപണിയെടുക്കുന്നവരും വ്യവസായശാലകളിലെ തൊഴിലാളികളും തെണ്ടികളും വേശ്യകളും തോട്ടപ്പണിക്കാരും കള്ളന്മാരും ഒക്കെ സാഹിത്യത്തിനന്യരല്ലാതായി എന്നതും അവർ അസമത്വം നിറഞ്ഞ സമൂഹത്തിന്റെ സൃഷ്ടിയാണെന്ന വിചാരമുണ്ടായതും മൂല്യങ്ങളുടെ പരിവർത്തനഫലമായിരുന്നു. കറുപ്പിലും വിയർപ്പിലും ചാരുത കാണാൻ കഴിയുന്നൊരു വീക്ഷണവ്യതിയാനം അന്നുണ്ടായി. കാർഷികരംഗത്തും അതിന്റെ അധികാരഘടനയിലും ചില മാററങ്ങൾ അക്കാലത്തുണ്ടായിത്തുടങ്ങി. കേരളത്തിലെ ജന്മിത്തവും പരമ്പരാഗത കൃഷിവ്യവസ്ഥയും പരസ്പരപൂരകമായാണു വർത്തിച്ചിരുന്നത്. ഭൂമിയുടെ അധികാരവുമായി ബന്ധപ്പെട്ടുള്ള പ്രമാണിത്തമായിരുന്നു ജന്മിത്തം. അതു ജാതിവ്യവസ്ഥയുമായി കൂടിച്ചേർന്നതോടെ സാധാരണക്കാരെ പൊറുതി മുട്ടിക്കുന്ന അധികാരശക്തിയായി മാറി. ജന്മിയുടെ അപ്രീതിക്കു വിധേയരാകുന്നവർ കുടിയിറക്കപ്പെടാം. പാട്ടബാക്കിയുടെ പേരിൽ അധ്വാനഫലം കുടിയാനിൽനിന്ന് നിയമവിധേയമായി തട്ടിയെടുക്കാം. ജന്മിത്തത്തിന്റെ കീഴിൽ കർഷകനനുഭവിച്ചുപോന്ന പീഢയും, പിന്നീട് വ്യവസായങ്ങളിലൂടെ മുതലാളിത്തം വന്നപ്പോൾ

അതിനുകീഴിൽ തൊഴിലാളികളനുഭവിച്ച ചൂഷണവും, സമൂഹഘടനയുടെയും ജനങ്ങളുടെ ഒത്തൊരുമയുടെയും കാര്യത്തിൽ ഒരു വീണ്ടുവിചാരത്തിനിടയാക്കി. അധ്വാനിക്കുന്നവരെ ചൂഷണം ചെയ്യുകയും നിയമവും അധികാരികളും അതിനു കൂട്ടുനിൽക്കുകയും ചെയ്യുന്ന അവസ്ഥയുടെ മാററത്തിനായുള്ള സംഘടിതശ്രമങ്ങളെ ഇടശ്ശേരി ചില കവിതകൾക്കു വിഷയമാക്കിയിട്ടുണ്ട്. അതായത് ജനങ്ങളിൽ രൂപപ്പെട്ടുവന്ന സംഘടനാബോധം അവകാശബോധം തുടങ്ങിയ നവോത്ഥാനമൂല്യങ്ങളെ ഇടശ്ശേരി ആവിഷ്കരിച്ചിട്ടുണ്ടെന്നർഥം.

'പുത്തൻകലവും അരിവാളും' എന്ന കവിത കേരളത്തിലെ കാർഷിക ജീവിതത്തിന്റെ ദുരന്തപൂർണമായൊരവസ്ഥയുടെ മികച്ച മാതൃകയാണ്. ജന്മിയുടെ പാട്ടക്കുടിയാനായ കോമൻ രാപകൽ വിശ്രമിക്കാതെ ഉള്ളതെല്ലാംകൊണ്ട് പാടത്തുകൃഷിയിറക്കി. മക്കളുടെ ആവശ്യങ്ങൾ, വീട്ടുകാര്യങ്ങൾ, പാട്ടബാക്കി ഇവയ്ക്കെല്ലാം നിവൃത്തിയുണ്ടാക്കാൻ കൊയ്ത്തുകഴിയട്ടെ എന്നയാൾ ആശ്വസിച്ചു. എല്ലാപ്രതീക്ഷകളും അർപ്പിച്ചു കാത്തിരുന്ന വിളവുസമയമായി. പക്ഷേ, ജന്മി പാട്ടബാക്കിയുടെ പേരിൽ കോടതിയുടെ സഹായത്തോടെ തന്റെ ആളുകളെക്കൊണ്ട് വിളകൊയ്യിക്കുകയാണ്. ഞെട്ടലോടെ നോക്കിനിന്നെങ്കിലും ഒടുവിൽ കോമൻ ഗർജിച്ചുകൊണ്ട് വയലിലിറങ്ങി. മററുകർഷകരും കോമനൊപ്പംനിന്നു. തങ്ങളുടെ അധ്വാനത്തിന്റെ ഫലം തങ്ങൾതന്നെ കൊയ്യുമെന്നു പ്രഖ്യാപിച്ചു. എന്നാൽ കൊയ്യേണ്ടത് ആദ്യം അധികാരം ആണെന്ന് കവിപക്ഷത്തുനിന്ന് ആഹ്വാനമുണ്ടായി. " അധികാരം കൊയ്യണമാദ്യം നാം അതിനുമേലാകട്ടെ പൊന്നാര്യൻ". ജന്മിമാർക്കു കൂട്ടുനിന്ന ബ്രിട്ടീഷ് കോടതികളെയും നിയമത്തെയും അധികാരത്തെയും തൊഴിലാളികൾ ചെറുക്കുകയാണ്. തൊഴിലാളികളുടെ നേർക്കുള്ള ചൂഷണം അവസാനിപ്പിക്കണമെങ്കിൽ അവർക്കു പ്രാതിനിധ്യമുള്ള അധികാരം കൈവരണമെന്നും എങ്കിലേ പൊന്നാര്യൻ കൊയ്യാൻ കഴിയൂ എന്നുമുള്ള രാഷ്ട്രീയമൂല്യത്തെയാണ് ഇക്കവിത വിളംബരം ചെയ്യുന്നത്. കുടിയിറക്കപ്പെടുന്നവന്റെ ദൈന്യമാണ് 'കുടിയിറക്കൽ' എന്ന കവിതയിലെ വിഷയം. കുടിയിറക്കപ്പെടുന്നവന് നാടും വീടും നഷ്ടമാകുന്നു. അവരുടെ ദൈന്യം പുതിയ കാലത്തിന്റെ മനസ്സാക്ഷിക്കുമുമ്പിൽ മററൊരു രാഷ്ട്രീയമൂല്യചിന്തയ്ക്ക് ഇടയാക്കുന്നു. കേരളീയ പശ്ചാത്തലത്തിൽനിന്ന് മനുഷ്യസമുദായത്തിന്റെ പൊതുപ്രശ്നമായി ഇതിനെ ഇടശ്ശേരി വളർത്തിയിട്ടുണ്ട്.

'പണിമുടക്കം' എന്ന കവിതയും ശ്രദ്ധേയമായൊരു രചനയാണ്. തുണിമില്ലിലെ പണിമുടക്കം ഒരു മാസം പിന്നിട്ടിട്ടും മുതലാളിയോ തൊഴിലാളികളോ വിട്ടുവീഴ്ചയ്ക്കു തയാറായില്ല. തൊഴിലാളികുടുംബങ്ങൾ മുഴുപട്ടിണിയിലാണ്. രാമന്റെ കുടുംബത്തിൽ അയാളുടെ പത്തുകുട്ടികളടക്കം എല്ലാപേരും നരകയാതനയിലാണ്. കൂട്ടത്തിൽ സമരം ചെയ്യുന്നതിന്റെ പേരിലുള്ള മർദ്ദനവും. മുതലാളിയാകട്ടെ, ഒരു കുഞ്ഞുണ്ടാകാനായി യജ്ഞം നടത്തുകയാണ്. ഇരുപത്തൊന്നുദിവസം എല്ലാപേർക്കും പായസം ചേർത്ത് സമൃദ്ധമായ സദ്യ നൽകുന്നു. രാമന്റെ കുട്ടികളും അവിടെപ്പോയി പായസം കഴിച്ചു. വയറിളക്കം പിടിച്ച് പത്തുപേരും മരിച്ചു. രാമൻ അവർക്കായി പത്തുകുഴികൾ തീർത്തു. തിളയ്ക്കുന്ന മനസ്സോടെ ഒടുവിലയാൾ 'കുടിലദുർമ്മർത്ത്യതയുടെ കടയ്ക്കൽ ഒററക്കൂമ്പും' മുളയ്ക്കരുതെന്ന് ശപിച്ചുപോയി. അപ്പോഴും ആവേശത്തിമിർപ്പിൽ നടന്നുനീങ്ങുന്ന തൊഴിലാളികളോട് അണിചേർന്നുകൊണ്ട് അവർ 'കുഴിവെട്ടിമൂടുക വേദനകൾ, കുതികൊൾക ശക്തിയിലേക്കു നമ്മൾ' എന്ന് ഏററുപാടി. ആത്മബലിയിലൂടെ വളരുന്ന സംഘബോധത്തിന്റെയും വ്യവസ്ഥകളെ മാററിപ്പണിയാനുള്ള ആവേശത്തിന്റെയും നവമൂല്യമാണ് ഈ കവിതയുടെ ചാലകശക്തി. മററുചില കവിതകളിൽ ദൈന്യമാർന്ന ജീവിതസന്ദർഭങ്ങളെ ഇടശ്ശേരി ചിത്രീകരിക്കുന്നുണ്ട്. കയർ പിരിച്ചു ജീവിക്കുകയും സ്വന്തം ജീവിതം ചകിരിക്കുഴികളിൽനിന്നു മോചിപ്പിക്കാൻ കഴിയാതെ തളർന്നു പോകുകയും ചെയ്യുന്നവരുടെ ജീവിതമാണ് 'ചകിരിക്കുഴികൾ' എന്ന കവിതയിൽ. മീൻ പിടിച്ചുജീവിക്കുന്ന മുക്കുവരെ പോററുന്ന കടലിനെ സ്തുതിക്കുകയാണ് 'സാഗരസ്തുതി' എന്ന കവിതയിൽ. ജന്മിത്തം തകർന്നെങ്കിലും എല്ലാററിനും സാക്ഷിയായൊഴുകുന്ന ഭാരതപ്പുഴയെപ്പററിയാണ് 'കുടം നിറയ്ക്കൂ കൂടെവരൂ' എന്ന കവിത. ഇടത്തരക്കാരന്റെ ദുരിതവും ചില കവിതകളിൽ മറെറാരുരീതിയിൽ കടന്നുവരുന്നുണ്ട്. 'കല്യാണപ്പുടവ' എന്ന കവിതയിൽ നൊമ്പരമുണർത്തുന്ന ഒരു ജീവിതചിത്രവുമുണ്ട്. 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്ന കവിത മറെറാരു ദയനീയ ചിത്രം നൽകുന്നു. വിധിവിശ്വാസിയാണ് പിതാവ്. ചരിത്രം സത്യമാണെന്ന മാർക്സിയൻ വിശ്വാസവുമായി മകൻ. ഇവർക്കിടയിൽ കരിഞ്ഞമർന്നത് മകളുടെ ജീവിതമായിരുന്നു. ഒടുവിൽ ഒരുരാത്രി അവൾ വീടുപേക്ഷിക്കുന്നു. വിശ്വാസവും ആദർശവും ജീവിതത്തെ തളർപ്പിക്കില്ലെന്നും പ്രവൃത്തിയിലൂടെയാണ് പുരോഗതിയുണ്ടാവുന്നതെന്നും ഇതിലൂടെ ഇടശ്ശേരി വ്യഞ്ജിപ്പിക്കുന്നു. പുതിയ തലമുറയുടെ മൂല്യശോഷണവും മനുഷ്യത്വരാഹിത്യവുമാണ് 'അങ്ങേവീട്ടിലേക്ക്' എന്ന കവിതയിൽ. പണവും അതു സൃഷ്ടിക്കുന്ന നഗരമാന്യതകളും ബന്ധങ്ങളെ എങ്ങനെ മനുഷ്യത്വരഹിതമായി തള്ളിക്കളയുന്നുവെന്ന് ഈ കവിത വെളിപ്പെടുത്തുന്നു. നവോത്ഥാകാലം സൃഷ്ടിക്കാൻ ശ്രമിച്ച നന്മകളെ തിരിച്ചറിയാത്ത പുത്തൻതലമുറയെ എടുത്തുകാട്ടുകയാണിവിടെ.

സമരം ചെയ്തും ജീവൻ കൊടുത്തും നേടിയ സ്വാതന്ത്ര്യത്തിന്റെയും മാനവികതയുടെയും മൂല്യങ്ങൾ പിൽക്കാലത്ത് തിരസ്കരിക്കപ്പെടുന്നതിന്റെ വേദന ചില കവിതകളിൽ ഇടശ്ശേരി സൂചിപ്പിച്ചിട്ടുണ്ട്. ചെറുതായിപ്പോയെന്ന കാരണത്താൽ പട്ടുകുപ്പായം വലിച്ചെറിയുന്ന പുതിയ രാഷ്ട്രീയ തലമുറയെ 'പട്ടുകുപ്പായം' എന്ന കവിതയിൽ കാണാം. ഒരിക്കൽ ശോഭായമാനമായിരുന്ന ആ പട്ടുകുപ്പായം സംസ്കാരത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമാണ്. സ്വാതന്ത്ര്യത്തിന്റെ വിലയറിയാത്ത പുതുതലമുറയെപ്പററിയാണ് 'ഒരുപിടി നെല്ലിക്ക'യിലും പറയുന്നത്. "എന്തുനേടി അറിയില്ലെന്നിളം തലമുറ, പക്ഷെ, എന്തു നഷ്ടപ്പൊടാനുണ്ടെന്നറിഞ്ഞേ പറ്റൂ" എന്നു പുതുതലമുറയോട് കവി പറയുന്നു. 'നാളേയ്ക്കൊരു ബിംബം' എന്ന കവിതയിൽ, യന്ത്രയുഗത്തിൽ വളരേണ്ട ഭാവിതലമുറയ്ക്ക് ഇന്നിന്റെ കർമവിശുദ്ധിയറിയില്ലെന്നും അതിനാൽ പുല്ലുനുള്ളുന്നവന്റെ പ്രതിമയുണ്ടാക്കി വെക്കേണ്ടതുണ്ടെന്നും ഒട്ടൊരു വേദനയോടെയും പരിഹാസത്തോടെയും ഇടശ്ശേരി പറയുന്നുണ്ട്. ലഭ്യമായ സ്വാതന്ത്ര്യത്തിന്റെ വിലയറിയാതെ പോകുന്നതിനെപ്പററി 'ഇന്നത്തെ ചിന്താവിഷയം' എന്ന കവിതയിലും ഗാന്ധിയുഗത്തിന്റെ കർമചേതന നഷ്ടപ്പെടുന്നതിനെപ്പററി 'നഷ്ടസങ്കല്പ'ത്തിലും കവി പരിതപിക്കുന്നു. 'പള്ളിക്കൂടത്തിലേക്കു വീണ്ടും' എന്ന കവിതയിൽ അമ്പതുകൊല്ലം മുമ്പത്തെ തന്റെ അവസ്ഥയും പുതുതലമുറയുടെ അവസ്ഥയും താരതമ്യം ചെയ്തുകൊണ്ട്, ഒട്ടേറെ മാറിപ്പോയ പുതിയ തലമുറ മനശ്ശോഭ നഷ്ടപ്പെടാതെ സൂക്ഷിക്കണം എന്നാണ് പ്രാർഥന. ഇവിടെ സൂചിപ്പിച്ച കവിതകളിലെല്ലാം കടന്നുവരുന്ന പ്രധാന ആശയം, നവോത്ഥാനകാലത്തിന്റെ കർമകുശലതയും സത്യസന്ധതയും ആർജവവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതാണ്. ഇവിടെ കുററപ്പെടുത്തലോ വിദ്വേഷമോ അല്ല മനുഷ്യർ എങ്ങനെ സ്വതന്ത്രരായി എന്ന ചരിത്രയാഥാർഥ്യത്തെ വിസ്മരിക്കരുതെന്ന നിർദേശങ്ങളാണുള്ളത്.

മാററം അനിവാര്യമാണെന്നറിയുമ്പോഴും അത് ഒരു സമൂഹത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെയും ഈടുവെപ്പുകളെയും പോരാട്ടങ്ങളുടെ ചരിത്രത്തെയും വിസ്മരിക്കുന്ന വിധത്തിലാകരുതെന്ന വിചാരം ഇടശ്ശേരിക്കുണ്ട്. ചരിത്രത്തെ വിസ്മരിക്കുന്ന ഒരു തലമുറയ്ക്ക് ഉൾക്കാഴ്ചയുണ്ടാവില്ലെന്നും അവരുടെ നേട്ടങ്ങൾ അടിയുറപ്പില്ലാത്തതായിരിക്കുമെന്നും അദ്ദേഹം കരുതുന്നു. എങ്കിലും ഒരു കാലത്തിന്റെ നിർമിതിക്കാവശ്യമായിരുന്ന ആദർശങ്ങളെ ഭൂതകാല രതിയോടെ പുൽകിക്കൊണ്ടിരിക്കേണ്ടതില്ലെന്ന തിരിച്ചറിവും അദ്ദേഹത്തിനുണ്ട്. 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിൽ, ജീവിതയാഥാർഥ്യവും അഹിംസയും തമ്മിലുള്ള പൊരുത്തക്കുറവിനെ അദ്ദേഹം കാണിച്ചുതരുന്നു. ഇതേ ആശയം 'പൊട്ടി പുറത്ത് ശീവോതി അകത്ത്' എന്ന കവിതയിലുമുണ്ട്. 'വെളിച്ചം തൂകിടുന്നോളം പൂജാർഹം താനൊരാശയം/ അതിരുണ്ടഴൽ ചാറുമ്പോൾ പൊട്ടിയാട്ടുകതാൻ വരം!' എന്ന് തന്റെ വീക്ഷണത്തെ ഉദ്ദീപ്തഭംഗിയോടെ ഈ കവിതയിൽ പ്രകടിപ്പിക്കുന്നു. പഴയതിനെ അന്ധമായി ആരാധിച്ചുകൂടാ. 'ഇത്തറവാടിത്തഘോഷണത്തെപ്പോലെ വൃത്തികെട്ടിട്ടില്ല മറെറാന്നുമൂഴിയിൽ!' (കറുത്ത ചെട്ടിച്ചികൾ) എന്ന വിശ്വാസമാണ് ഇടശ്ശേരിക്കുള്ളത്. മാററങ്ങളുടെ തത്വശാസ്ത്രങ്ങളെ ഉൾക്കൊള്ളുമ്പോൾത്തന്നെ മനസ്സും ജീവിതവും യാന്ത്രികമായിക്കൊണ്ടിരിക്കുന്ന അവസ്ഥയോട് കവിക്കു പൊരുത്തപ്പെടാനാവുന്നില്ല. ജീവിതസുഖങ്ങൾക്കു പിന്നാലെ കുതിക്കുന്ന മനുഷ്യൻ ഭൂമിയെ ഒരു കോൺക്രീററുകാടാക്കി മാററിയിരിക്കുന്നു. ഇന്ന് സുഖമായൊന്നുറങ്ങാൻ, പ്രകൃതിയുടെ കുളിരേററ് തലചായ്ക്കാൻ മുത്തശ്ശി പറയുന്ന പഴങ്കഥകൾ വേണമെന്ന് 'ഒന്നുറങ്ങാൻ' എന്ന കവിതയിൽ അദ്ദേഹം പറയുന്നു. യന്ത്രങ്ങൾ മനുഷ്യന്റെ സഹായിയാകാം. പക്ഷേ, അധികാരിയാകുന്നത് ഇടശ്ശേരിക്ക് ഉൾക്കൊള്ളാനാകുകയില്ല. വിപ്ലവം സമൂഹത്തിനുണ്ടാക്കിയ മാററങ്ങളെയും നേട്ടങ്ങളെയും തിരിച്ചറിയാൻ ഇടശ്ശേരിക്കു കഴിയുന്നുണ്ട്. അതേസമയം വിപ്ലവാഗ്നിയിൽ ഭിക്ഷാജലം വീഴുന്നതിനെതിരെ കരുതലുണ്ടാകണമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകുന്നു. ഭൂമിക്കുവേണ്ടിയുള്ള സമരത്തെ അടക്കാൻ പത്തുസെന്റിന്റെ ഔദാര്യം സ്വീകരിക്കുന്നത്, താൽക്കാലികാശ്വാസത്തിലൂടെ ഉയർന്ന നേട്ടങ്ങളെ തടയിടുന്നതിനു തുല്യമാണെന്ന് 'മൈനാകശൃംഗം' എന്ന കവിതയിൽ അദ്ദേഹം ഓർമിപ്പിക്കുന്നു. ഈ തിരിച്ചറിവാണ് 'പണിമുടക്ക'ത്തിലെ രാമനും കൂട്ടർക്കുമുള്ളത്. തൽക്കാലനേട്ടത്തിനായി കരിങ്കാലിപ്പണി ചെയ്യുന്നവരെ തൊഴിലാളികളുടെ കണ്ണീരിൻ 'പുളിനക്കിനൊട്ടുന്ന'വരായി അവിടെ ചിത്രീകരിച്ചിട്ടുണ്ട്. സമുദ്രതരണത്തിനിടയിൽ തന്റെ കഠിനയത്നത്തിനു തടസ്സമുണ്ടാക്കാൻ വിശ്രമത്തിനു ക്ഷണിക്കുന്ന മൈനാകപർവതത്തെ നിരസിക്കുന്ന ഹനുമാൻ ഇടശ്ശേരിക്കു പ്രിയപ്പെട്ട കഥാപാത്രമാണെന്നും ഇവിടെയോർക്കാം. ആ കർമ കുശലതയും ലക്ഷ്യോന്മുഖതയുമാണ് തൊഴിലാണിവർഗത്തിനുണ്ടാകേണ്ടതെന്നാണ് ഇടശ്ശേരിയുടെ വിശ്വാസം. അതേസമയം, സമരങ്ങൾ ചിലപ്പോഴെങ്കിലും നിഷ്പ്രയോജനമായി മാറിയേക്കാമെന്നും അദ്ദേഹം തിരിച്ചറിയുന്നു. 'ഹോട്ടൽക്കാരികൾ' എന്ന കവിതയിൽ 'സമരം നിസ്വാർഥമായാൽപ്പോലും/ നരകവിധാനത്തിന്നേപോരൂ' എന്നു പറയാനും ഇടശ്ശേരി മടിച്ചില്ല. പണ്ടത്തെ വേലക്കാരിയുടെ മക്കൾ ഇന്ന് പണക്കാരായി. അവർക്കും ഇന്നൊരു വേലക്കാരിയുണ്ട്. പക്ഷേ '...വേലക്കാരിതൻ കഞ്ഞിക്കുമ്പിളിൽ മൊട്ടിട്ടില്ലാ വററിന്റെ സങ്കൽപ്പങ്ങൾ!' എന്ന് 'അ

മ്പതുകൊല്ലം കൊണ്ടും' എന്ന കവിതയിൽ അദ്ദേഹം പറയുന്നു. വിപ്ലവം അതിന്റെ യഥാർഥ സ്വപ്നങ്ങളെ സാക്ഷാത്കരിച്ചിട്ടില്ലെന്നും കാലം കഴിയുന്തോറും വേലക്കാരുടെ പഴയ അവസ്ഥ തുടരുകയാണെന്നും ഇവിടെ സൂചിപ്പിക്കുകയാണ്. ബ്രിട്ടീഷുകാർപോയി. സ്വദേശി സർക്കാർ വന്നു. നാടിന്റെ കാർഷിക സമൃദ്ധിക്കായി ഇറിഗേഷൻ കനാൽ നിർമിച്ചുതുടങ്ങി. പക്ഷേ, പകുതിവഴിയിൽ നിന്നുപോയി. വൈദ്യുതി ഇല്ലാത്തതാണു കാരണം. യന്ത്രങ്ങളും സർക്കാരും യഥാർഥത്തിൽ തുണയാകില്ലെന്ന് 'ലിഫ്ട് ഇറിഗേഷൻ കനാൽ' എന്ന കവിതയിലൂടെ സൂചിപ്പിക്കുന്നു.

വിചാരിച്ചതരത്തിലല്ല കാര്യങ്ങൾ മുന്നേറുന്നതെങ്കിലും പ്രതീക്ഷ കൈവിടാനോ കർമവീര്യത്തിൽ നിന്നു പിന്തിരിയാനോ അദ്ദേഹം നിർദേശിക്കുന്നില്ല. നാളത്തെ ജനതയ്ക്ക് നീരാളിപ്പട്ടുവിതാനിക്കാൻ കഴിയുന്ന ശാസ്ത്രപുരോഗതിയുടെ പാത സ്വീകരിക്കുകതന്നെ വേണമെന്ന് 'പഴകിയ ചാലുകൾ മാററുക' എന്ന കവിതയിലൂടെ ഇടശ്ശേരി ഉപദേശിക്കുന്നു. യന്ത്രസഹായത്തോടെ ഉയരുന്ന ഭൗതിക നേട്ടങ്ങളെ സ്വീകരിക്കാൻ മടിക്കാത്തപ്പോഴും അതുളവാക്കുന്ന ഗതകാലാനുഭൂതികളുടെ നഷ്ടത്തെക്കുറിച്ചുകൂടി കവിചിത്തം വ്യാകുലമാകുന്നുണ്ട്. 'കുററിപ്പുറം പാലം' എന്ന കവിതയിൽ ഈ ദ്വിലഗ്നമായ ചിന്തയുടെ സ്പർശമുണ്ട്. താൻ കാൽനനച്ചുനടന്ന പുഴയുടെമീതെ പാലം വന്നപ്പോൾ അതിന്മേൽ നിന്നുകൊണ്ട് കാൽച്ചുവട്ടിലായ പുഴയെ നോക്കുകയാണ് കവി. പക്ഷേ, ഗൃഹാതുരതയിൽ തളയാനല്ല, തീരം തകർക്കുന്ന നദിയുടെ അഹന്തയെ കാൽച്ചുവട്ടിലാക്കിയ മർത്യപുരോഗതിയെ സ്വീകരിക്കാനാണ് കവി അവിടെയും ശ്രമിച്ചിട്ടുള്ളത്. യന്ത്രങ്ങൾ മനുഷ്യാധ്വാനത്തെ ലഘൂകരിക്കുന്നുവെന്നുള്ളത് ശരിതന്നെ. പക്ഷേ, ചിലപ്പോൾ അത്, അധ്വാനിക്കുന്നവരുടെ വയറുമുട്ടിക്കുകയും ചെയ്തേക്കാം. 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' എന്ന കവിതയിൽ ഈ ആശയവും കടന്നുവന്നിട്ടുണ്ട്. പുതുമുതലാളിത്തവും പാരമ്പര്യത്തൊഴിലാളികളുടെ നിസ്സഹായതയും തമ്മിലുള്ള സംഘർഷമാണിതിലെ മുഖ്യപ്രമേയം.

കേരളത്തിന്റ സാംസ്കാരിക നവോത്ഥാനത്തിൽ ഒരുകാലത്ത് പ്രകടമായിരുന്ന ഒരു ദോഷം അന്ധമായ ഭൂതകാലവിരോധമായിരുന്നു. പഴയ സംസ്കൃതിയെ പൊടിമുററി ചിതലുപററിയ ജടയുടെ സംസ്കാരപ്പനയോലക്കെട്ടുകളായി വലിച്ചെറിയാൻ പലരും മടിച്ചിരുന്നില്ല. പക്ഷേ, വർത്തമാനകാലത്തെ വ്യാഖ്യാനിക്കാനും ഭാവിക്കുള്ള പാഥേയങ്ങളാക്കാനും കഴിയുന്ന ചിലതൊക്കെ ജനസംസ്കൃതിയിലുണ്ടെന്നു കണ്ടയാളാണ് ഇടശ്ശേരി. 'പൂതപ്പാട്ട്', 'കാവിലെ പാട്ട്' തുടങ്ങിയ കവിതകളിൽ ഈ കാഴ്ചയുടെ തീക്ഷ്ണമായ അനുഭവങ്ങളുണ്ട്. ഒരു പ്രത്യേകകാലത്ത് ഒരു സമൂഹത്തിന്റെ അനുഭവങ്ങളും സ്വപ്നങ്ങളും ഈടിക്കൂടി രൂപംകൊള്ളുന്നതാണ് പുരാവൃത്തങ്ങൾ. അവയ്ക്ക് കാലോചിതമായ വ്യാഖ്യാനങ്ങൾ ചമയ്ക്കാവുന്നവിധം അർഥസാധ്യതകളുണ്ട്. പറഞ്ഞു പഴകിയ പല കഥകളും നവോത്ഥാനകാലകവികൾ വർത്തമാനകാലത്തിന്റെ സ്പർശം നൽകി പുനഃസൃഷ്ടിച്ചിട്ടുണ്ട്. ഇത് കവികൾക്കു സാധ്യമായ സൃഷ്ടിവൈഭവത്തിന്റെ ദൃഷ്ടാന്തവും ഒരു ജനതയുടെ ആദിമ മനസ്സിനെ തൊട്ടറിയാനുള്ള പ്രാപ്തിയുമാണ് വെളിപ്പെടുത്തുന്നത്. ഇത്തരത്തിൽ തിരിച്ചറിയേണ്ട രണ്ടു കവിതകളാണ് മേൽപ്പറഞ്ഞവ. 'പൂതപ്പാട്ട്' കുട്ടികൾക്കായുള്ള ഒരു സാധാരണ കഥാകവിതയല്ല. അത് പൂതത്തെക്കുറിച്ചുമാത്രമല്ല. ഭൂതകാലത്തെയും വർത്തമാനകാലത്തെയും കുറിച്ചുമുള്ള കവിതയാണ്. മാതൃവാത്സല്യത്തിന്റെയും മാതൃത്വശക്തിയുടെയും മാവേലിക്കഥയുടെയും കവിതയായി അതു വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. പൂതത്തിന്റെ പുരാവൃത്തത്തിന് ഇവയൊക്കെ യോജിക്കുന്നതാണ്. പക്ഷേ, ഇടശ്ശരിയുടെ സ്പർശം ലഭിച്ചപ്പോൾ അതിന് ആധുനിക മനുഷ്യന്റെ നിസ്സഹായതയുടെ അർഥം കൂടി ലഭിക്കുന്നില്ലേ എന്നാലോചിക്കാവുന്നതാണ്.

ഈ കഥയിലെ പൂതം ആധുനികരായ നാം തന്നെയാണ്. കൃത്രിമമായി കുട്ടിയെ സൃഷ്ടിക്കാൻ കഴിയുന്ന പൂതം യാന്ത്രികൗന്നത്യം നേടിയ മനുഷ്യന്റെ പ്രതീകമാണ്. അമ്മയും കുട്ടിയുമാകട്ടെ, ഭൂതകാലജനതയും അവരുടെ സൃഷ്ടിയായ സാംസ്കാരികസ്വത്വവും. ആ സാംസ്കാരിക സ്വത്വത്തെ തഞ്ചത്തിൽ കൈക്കലാക്കിയ പുതുജനത ഭാവിക്കുവേണ്ടി സ്വന്തമായി ഒരു സാംസ്കാരിക സ്വത്വം നിർമിക്കാൻ പ്രാപ്തിയില്ലാത്തവരാണ്. കൈയിൽ കിട്ടിയ പൈതൃകം നഷ്ടപ്പെടുകയും അതന്വേഷിച്ച് വൃഥാ അലയുകയും ചെയ്യുന്ന ആധുനിക മനുഷ്യനാണ് ഇതിലെ 'പൂതം'. കോളനീകരണത്തിന്റെ ഫലമായി നേടിയ ഭൗതികപുരോഗതിയിലൂടെ തന്റെ നാടിന്റെ ഈടുവയ്പുകളെ വിസ്മരിക്കുകയും അതോടൊപ്പം തനതായൊന്നും സൃഷ്ടിക്കാൻ കഴിയാതിരിക്കുകയും പിന്നെപ്പിന്നെ സ്വത്വംതേടി അലയുകയും ചെയ്യുന്ന ഇന്നത്തെ മനുഷ്യന്റെ മൂഢതതന്നെയാണ് ചിലമ്പുകെട്ടി വീടുതോറും കേറിയിറങ്ങുന്ന പൂതത്തിൽ കാണുന്നത്. ചോരകൊതിക്കുന്ന ദേവിക്ക് സ്വയം ഹോമിച്ച് ജീവൻ വെടിഞ്ഞ ഒരു മനുഷ്യന്റെ കഥയുണ്ട്. 'കാവിലെ പാട്ടി'ൽ. കേരളത്തിലെ കാളീക്ഷേത്രങ്ങളിലെ ഉറഞ്ഞുതുള്ളലിന്റെ പുരാവൃത്താംശത്തെ ഇവിടെയും കാലികമാക്കിയിട്ടുണ്ടെന്നു കരുതാം. ഒരാദർശത്തിനായി, അല്ലെങ്കിൽ നാടിനായി, ആത്മബലിയർപ്പിച്ച ഗാന്ധിജിയോ അല്ലെങ്കിൽ ഒരു വിപ്ലവകാരിയോ ഈ പുരാവൃത്തത്തിലൂടെ ഉയിർക്കൊള്ളുന്നുവെന്നു കാണാം. പിന്നീട്, ദേവിക്കൊപ്പം കാലാകാലങ്ങളിൽ ആ ബലിപുരുഷനെയും 'വച്ചുപൂജിക്കുന്ന' പതിവുകൾകൂടി ചേർ

ത്തുവച്ചാൽ 'കാവിലെപാട്ടി'ലും വർത്തമാനകാലത്തിന്റെ ചൂരു മണക്കുന്നതായി അനുഭവപ്പെടും.

നവോത്ഥാനകാല സാഹിത്യത്തിൽ സ്നേഹത്തെപ്പററി നിരവധി അർഥവ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ട്. അതിൽ മുഖ്യം സാമൂഹികമായൊരു മാനം അതിനുണ്ടായി എന്നതാണ്. ഇടശ്ശേരിയുടെ കവിതകളിൽ സ്നേഹത്തിന് ആത്മത്യാഗത്തിന്റെ ഒരു മുഖം കൈവരുന്നുണ്ട്. അതിനുദാഹരണമാണ് 'പെങ്ങൾ' എന്ന കവിത. കുഞ്ഞനുജനെ പോററിവളർത്താൻ തന്റെ സുഖങ്ങളെല്ലാം ഉപേക്ഷിക്കുന്നൊരു പെങ്ങളാണിതിലുള്ളത്. തന്നെ പ്രണയിച്ച പുരുഷൻ അനുജത്തിയെ വിവാഹം കഴിച്ചപ്പോൾ അവർക്കുള്ള വിവാഹസമ്മാനമായി, പൂപറിക്കാനെന്ന വ്യാജേന കുഞ്ഞനുജനെ സാക്ഷിനിർത്തി കുളത്തിലിറങ്ങി മരണംവരിക്കുന്ന യുവതിയെ 'വിവാഹസമ്മാന'ത്തിൽ ഇടശ്ശേരി അവതരിപ്പിക്കുന്നു. ഇവിടെ നിഷേധിക്കപ്പെട്ട സ്നേഹത്തിനുപകരം പ്രതികാരമല്ല, ആത്മബലിയാണ് അവൾ നിർവഹിക്കുന്നത്, ആത്മബലി എന്നത് നവോത്ഥാനമൂല്യത്തിന്റെ ഒരു ചിഹ്നമായി കാണാവുന്നതാണ്. സ്വാതന്ത്ര്യ പ്രാപ്തിക്കും തൊഴിലാളി പ്രസ്ഥാനങ്ങളുടെ വിജയത്തിനും സമൂഹത്തിന്റെ ശുഭഭാവിക്കും വേണ്ടി പോരാടി മരണം വരിച്ച അനേകംപേരുടെ തിളങ്ങുന്ന സ്മരണ നിറഞ്ഞ കാലംകൂടിയാണ് നവോത്ഥാനത്തിന്റേത്. അതിനാൽ, ഇടശ്ശേരി സൃഷ്ടിക്കുന്ന ആത്മബലിയുടെ കഥകൾ ഒരുകാലത്തിന്റെ സ്വാർഥരഹിതവും കർമോന്മുഖവും ആദർശഭരിതവും സമരതീക്ഷ്ണവുമായ അനുഭവത്തിന്റെ സമൂർത്തചിത്രങ്ങളെ ആലേഖനം ചെയ്യുന്നവയാണ്.

നവോത്ഥാനകാലം തികഞ്ഞ വൈരുധ്യങ്ങളുടേതുകൂടിയായിരുന്നു. പാരമ്പര്യം-നവീകരണം, കോളനിവാഴ്ച-സ്വാതന്ത്ര്യമോഹം, വ്യക്തി-സമൂഹം, തൊഴിലാളി-മുതലാളി, പഴയ സാമൂഹികസ്ഥാപനങ്ങൾ-പുതിയ സംഘടിതശക്തികൾ തുടങ്ങിയ വിരുദ്ധദ്വന്ദ്വങ്ങളുടെ സംഘർഷഭൂമിയായിരുന്നു അന്ന് കേരളം. സാമൂഹികമായ മൂല്യങ്ങൾ നിരന്തരം പരിവർത്തനവിധേയമായ ആ കാലത്ത് ഇടശ്ശേരി മാററങ്ങളെ വിവേചനത്തോടെ സ്വീകരിക്കണമെന്ന പക്ഷക്കാരനായിരുന്നു. പാരമ്പര്യത്തെ ശക്തിസ്രോതസ്സായി കാണുകയും എന്നാൽ കാലോചിതമായ പുരോഗതിക്കെതിരെ അവഗണന പാടില്ലെന്നു വിചാരിക്കുകയും ചെയ്തു. തന്റെ രചനകളിൽ പലതിന്റെയു് കലർപ്പു കണ്ടേക്കാമെന്നദ്ദേഹത്തിനറിയാമായിരുന്നു. പക്ഷേ, സൃഷ്ടിക്കുന്നവന്റെ കർമവീര്യം കൈമോശം വന്നിരുന്നില്ല. അതുകൊണ്ടാണ് നവോത്ഥാനകാലം തികഞ്ഞ വൈരുധ്യങ്ങളുടേതുകൂടിയായിരുന്നു. പാരമ്പര്യം-നവീകരണം, കോളനിവാഴ്ച-സ്വാതന്ത്ര്യമോഹം, വ്യക്തി-സമൂഹം, തൊഴിലാളി-മുതലാളി, പഴയ സാമൂഹികസ്ഥാപനങ്ങൾ-പുതിയ സംഘടിതശക്തികൾ തുടങ്ങിയ വിരുദ്ധദ്വന്ദ്വങ്ങളുടെ സംഘർഷഭൂമിയായിരുന്നു അന്ന് കേരളം. സാമൂഹികമായ മൂല്യങ്ങൾ നിരന്തരം പരിവർത്തനവിധേയമായ ആ കാലത്ത് ഇടശ്ശേരി മാററങ്ങളെ വിവേചനത്തോടെ സ്വീകരിക്കണമെന്ന പക്ഷക്കാരനായിരുന്നു. പാരമ്പര്യത്തെ ശക്തിസ്രോതസ്സായി കാണുകയും എന്നാൽ കാലോചിതമായ പുരോഗതിക്കെതിരെ അവഗണന പാടില്ലെന്നു വിചാരിക്കുകയും ചെയ്തു. തന്റെ രചനകളിൽ പലതിന്റെയു് കലർപ്പു കണ്ടേക്കാമെന്നദ്ദേഹത്തിനറിയാമായിരുന്നു. പക്ഷേ, സൃഷ്ടിക്കുന്നവന്റെ കർമവീര്യം കൈമോശം വന്നിരുന്നില്ല. അതുകൊണ്ടാണ്  നവോത്ഥാനകാലം തികഞ്ഞ വൈരുധ്യങ്ങളുടേതുകൂടിയായിരുന്നു. പാരമ്പര്യം-നവീകരണം, കോളനിവാഴ്ച-സ്വാതന്ത്ര്യമോഹം, വ്യക്തി-സമൂഹം, തൊഴിലാളി-മുതലാളി, പഴയ സാമൂഹികസ്ഥാപനങ്ങൾ-പുതിയ സംഘടിതശക്തികൾ തുടങ്ങിയ വിരുദ്ധദ്വന്ദ്വങ്ങളുടെ സംഘർഷഭൂമിയായിരുന്നു അന്ന് കേരളം. സാമൂഹികമായ മൂല്യങ്ങൾ നിരന്തരം പരിവർത്തനവിധേയമായ ആ കാലത്ത് ഇടശ്ശേരി മാററങ്ങളെ വിവേചനത്തോടെ സ്വീകരിക്കണമെന്ന പക്ഷക്കാരനായിരുന്നു. പാരമ്പര്യത്തെ ശക്തിസ്രോതസ്സായി കാണുകയും എന്നാൽ കാലോചിതമായ പുരോഗതിക്കെതിരെ അവഗണന പാടില്ലെന്നു വിചാരിക്കുകയും ചെയ്തു. തന്റെ രചനകളിൽ പലതിന്റെയു് കലർപ്പു കണ്ടേക്കാമെന്നദ്ദേഹത്തിനറിയാമായിരുന്നു. പക്ഷേ, സൃഷ്ടിക്കുന്നവന്റെ കർമവീര്യം കൈമോശം വന്നിരുന്നില്ല. അതുകൊണ്ടാണ് 'ചിരിച്ചാലും കൊള്ളാം കയർത്താലും കൊള്ളാം/ എനിക്കിതേ വേണ്ടൂ, പറഞ്ഞു പോകരു/തിതുമറെറാന്നിന്റെ പകർപ്പെന്നുമാത്രം" എന്നുപറഞ്ഞത്.

നവോത്ഥാനകാലം മുന്നോട്ടുവച്ച ആശയസംഘർഷങ്ങളെയും മൂല്യവിചാരങ്ങളെയും ഇടശ്ശേരി ഏററുവാങ്ങിയിട്ടുണ്ട്. സ്വാതന്ത്ര്യമോഹം, രാഷ്ട്രീയൈക്യം, കർമോത്സുകത, ത്യാഗമനോഭാവം, പുരോഗതിയോടുള്ള ആഭിമുഖ്യം, പാരമ്പര്യത്തോടുള്ള ബഹുമാനം, വേദനകളെ നിസ്സാരമാക്കി ശക്തിയിലേക്കു കുതിക്കാനുള്ള ആവേശം, സർവോപരി ആത്മബലിയിലൂടെ മററുള്ളവർക്കായി ജീവിതം സമർപ്പിക്കൽ തുടങ്ങി നവോത്ഥാനത്തിന്റെ പ്രധാനമൂല്യങ്ങൾ ഇടശ്ശേരിക്കവിതയിൽ സമന്വയിക്കുന്നുണ്ട്. പക്ഷേ, തന്റെ കാവ്യങ്ങൾ കാലത്തിന്റെ മഹത്തായ കൈയൊപ്പുപതിഞ്ഞതാണെന്ന് അദ്ദേഹം ഭാവിക്കുന്നില്ല. 'മുഗ്ധാഭിലാഷങ്ങൾ' എന്ന കവിതയിൽ പറഞ്ഞിരിക്കുന്നതുപോലെ 'കുടിലുപോരു, മവിദഗ്ധമെൻ കരം/പടുപണിചെയ്തുവെച്ചതാണെങ്കിലും/പടിമ കാട്ടാനിടം കിടയ്ക്കായ്കിലും' എന്ന വിനീത ഭാവമാണ് അദ്ദേഹത്തിന്. ഈ ലാളിത്യം കൊണ്ട് അദ്ദേഹം മാററങ്ങളുടെ ഘട്ടത്തിൽ എപ്പോഴും 'സൗവർണ്ണ പ്രതിപക്ഷമായി' നിന്നതേയുള്ളു. ഇടശ്ശേരി നവോത്ഥാനകാലത്തിന്റെ 'ഇടച്ചേരി'യിലാണ് നിലയുറപ്പിച്ചതെന്നർഥം.